**മനുഷ്യന്റെ അന്തസ്സ്, അഭിമാനം, സ്വാതന്ത്ര്യം, സമത്വം, നീതി, കാരുണ്യം തുടങ്ങിയ സമസ്ത മാനവികഗുണങ്ങളുടെയും പൂർണതയാണ് ഖുർആൻ ലക്ഷ്യമാക്കുന്നത്. മനുഷ്യോൽപത്തിയെ കുറിച്ച ഖുർആന്റെ സങ്കൽപത്തിൽനിന്ന് അതാരംഭിക്കുന്നു. മനുഷ്യജന്മം പാപമാണെന്നോ അവൻ മൃഗത്തിൽനിന്ന് പരിണമിച്ചുണ്ടായതാണെന്നോ ഖുർആൻ അംഗീകരിക്കുന്നില്ല**

# മാനവികതയുടെ വേദം

കെ.എ. സിദ്ദീഖ് ഹസൻ



വിശുദ്ധഖുർആന്റെ കേന്ദ്രബിന്ദു മനുഷ്യനാണ്. ഉദാത്തനും പൂർണനുമായ മനുഷ്യൻ. മാനവികതയും മാനവികമൂല്യങ്ങളും അതുകൊണ്ടുതന്നെ ഖുർആന്റെ മുഖ്യ പ്രമേയമായിത്തീരുന്നു. ഖുർആന്റെ കാഴ്ചപ്പാടിൽ മാനവികത ഭൗതികമെന്നതിലേറെ ആത്മീയമാണ്. മാനവരാശി സാർവത്രികമായി അംഗീകരിച്ചുപോരുന്ന മാനവികമൂല്യങ്ങൾ ദൈവികമതങ്ങളുടെ സംഭാവനയാണ്. മനുഷ്യന്റെ പ്രകൃതിയിൽ ദൈവം തന്നെ നിക്ഷേപിച്ച മാനവികഭാവത്തെ പൂർണതയിലേക്ക് നയിക്കുകയാണ് വേദങ്ങളും പ്രവാചകന്മാരും ചെയ്തത്. വിശുദ്ധഖുർആന്റെ അവതരണലക്ഷ്യം തന്നെ മാനവികമൂല്യങ്ങളുടെ പൂർത്തീകരണമാണ്. പ്രവാചകൻ മുഹമ്മദ്(സ) ഇക്കാര്യം വ്യക്തമാക്കുന്നത് കാണുക: "എന്റെ നിയോഗലക്ഷ്യം മാനവമൂല്യങ്ങളുടെ പൂർത്തീകരണമാണ്."

ഖുർആന്റെ കാഴ്ചപ്പാടിൽ പുണ്യവും മാനവികമൂല്യങ്ങളും ഒരേ നാണയത്തിന്റെ രണ്ടു പുറങ്ങളാണ്: "നിങ്ങൾ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ മുഖംതിരിക്കുക എന്നതല്ല പുണ്യം. പിന്നെയോ, മനുഷ്യൻ അല്ലാഹുവിലും അന്ത്യനാളിലും മലക്കുകളിലും വേദത്തിലും പ്രവാചകന്മാരിലും ആത്മാർഥമായി വിശ്വസിക്കുകയും അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ പേരിൽ തന്റെ പ്രിയപ്പെട്ട ധനം ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും യാത്രക്കാർക്കും സഹായമർഥിക്കുന്നവർക്കും അടിമകളെ മോചിപ്പിക്കുന്നതിനും ചെലവഴിക്കുകയും നമസ്കാരം നിലനിർത്തുകയും സകാത്ത് നൽകുകയുമാകുന്നു പുണ്യം. കരാർ ചെയ്താൽ അത് പാലിക്കുകയും പ്രതിസന്ധികളിലും വിപത്തുകളിലും സത്യാസത്യസംഘട്ടനവേളയിലും സഹനമവലംബിക്കുകയും ചെയ്യുന്നവരല്ലോ പുണ്യവാന്മാർ. അവരാകുന്നു സത്യവാന്മാർ. അവർ തന്നെയാകുന്നു ഭക്തന്മാരും" (2:177). ഭക്തി, പുണ്യം, ധർമം തുടങ്ങിയ ആത്മീയലക്ഷ്യങ്ങളെ

മാനവികമൂല്യങ്ങളുമായി കോർത്തിണക്കുന്ന അതിശയകരമായ രീതി ഖുർആനുമാത്രം സ്വന്തമായുള്ളതാണ്. സ്നേഹം, സഹാനുഭൂതി, അനുകമ്പ, ഔദാര്യശീലം, സത്യസന്ധത, കരാർപാലനം, സഹനശീലം, സ്ഥൈര്യം എന്നു തുടങ്ങി മുഴുവൻ മാനവികഗുണങ്ങളും ഭക്തിയുടെയും പുണ്യത്തിന്റെയും അടിയാധാരമായി മാറുന്ന കാഴ്ചയാണ് ഇവിടെ നാം കാണുന്നത്. വിശ്വാസവും അനുഷ്ഠാനകർമങ്ങളും മാനവികമൂല്യങ്ങളുടെ പൂർണതയ്ക്കുവേണ്ടിയുള്ള സംവിധാനങ്ങളാണ്. ദൈവത്തിലും മരണാനന്തരജീവിതത്തിലുമുള്ള വിശ്വാസവും നമസ്കാരം, സകാത്ത് തുടങ്ങിയ ആരാധനാകർമങ്ങളും വഴി മൂല്യങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുകയാണ് ഖുർആൻ.

ഖുർആൻ നിരന്തരം ഉപയോഗിച്ച പ്രതീകങ്ങളാണ് വെളിച്ചം, നന്മ തുടങ്ങിയവ. ഖുർആൻ സ്വയം പരിചയപ്പെടുത്തുന്നതിങ്ങനെ: 'മനുഷ്യരെ ഇരുട്ടിൽനിന്നും വെളിച്ചത്തിലേക്ക് നയിക്കാനായി നാം താങ്കൾക്കവതരിപ്പിച്ചുതന്ന വേദഗ്രന്ഥമാണിത്' (14:1). മറ്റൊരിടത്ത് പ്രവാചകനിയോഗം വിശദീകരിക്കുന്നതിങ്ങനെ: "തങ്ങളുടെ പക്കലുള്ള തൗറാത്തിലും ഇഞ്ചീലിലും (ബൈബിൾ പഴയ നിയമത്തിലും പുതിയ നിയമത്തിലും) രേഖപ്പെടുത്തിക്കാണുന്ന നിരക്ഷരനായ പ്രവാചകദൂതനെ പിന്തുടരുന്നവരാരോ (അവർക്കാകുന്നു എന്റെ അനുഗ്രഹങ്ങൾ). അദ്ദേഹം അവർക്ക് നന്മ വിധിക്കുന്നു. തിന്മ വിലക്കുന്നു. പരിശുദ്ധവിഭവങ്ങൾ അനുവദിച്ചുകൊടുക്കുന്നു. അശുദ്ധമായവ നിരോധിക്കുകയും ചെയ്യുന്നു. അവരുടെ മുതുകുകളെ ഞെരിക്കുന്ന ഭാരം ഇറക്കിവയ്ക്കുന്നു. അവരെ വരിഞ്ഞുമുറുക്കിയിരുന്ന ചങ്ങലകൾ പൊട്ടിച്ചെറിയുന്നു. അതിനാൽ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ ബലപ്പെടുത്തുകയും സഹായിക്കുകയും അദ്ദേഹത്തോടൊപ്പം അവതീർണമായ പ്രകാശത്തെ പിന്തുടരുകയും ചെയ്യുന്നവരാരോ അവർ മാത്രമാകുന്നു വിജയികൾ" (7: 157). ഇവിടെ ആവർത്തിച്ചുപ്രയോഗിക്കുന്ന പ്രകാശം, നന്മ തുടങ്ങിയ പ്രതീകങ്ങൾ മാനവികമൂല്യങ്ങളെയാണ് സൂചിപ്പിക്കുന്നത്. മാനവികമൂല്യങ്ങൾ സംരക്ഷിക്കപ്പെടുന്ന സ്വാതന്ത്ര്യത്തിന്റെയും സമത്വത്തിന്റെയും വിഹായസ്സിലേക്ക് മനുഷ്യനെ നയിക്കാനാണ് പ്രവാചകൻ ആഗതനായതെന്ന് വ്യക്തമാക്കുകയാണിവിടെ ഖുർആൻ.

മനുഷ്യന്റെ അന്തസ്സ്, അഭിമാനം, സ്വാതന്ത്ര്യം, സമത്വം, നീതി, കാരുണ്യം തുടങ്ങിയ സമസ്ത മാനവികഗുണങ്ങളുടെയും പൂർണതയാണ് ഖുർആൻ ലക്ഷ്യമാക്കുന്നത്. മനുഷ്യോൽപത്തിയെ കുറിച്ച ഖുർആന്റെ സങ്കൽപത്തിൽനിന്ന് അതാരംഭിക്കുന്നു. മനുഷ്യജന്മം പാപമാണെന്നോ അവൻ മൃഗത്തിൽനിന്ന് പരിണമിച്ചുണ്ടായതാണെന്നോ ഖുർആൻ അംഗീകരിക്കുന്നില്ല. മനുഷ്യൻ ഔന്നത്യത്തിലേക്കുള്ള പ്രയാണത്തിൽ ദൈവത്തോട് മല്ലിടുന്ന ഗ്രീക്ക് ഫിലോസഫിയും ഖുർആൻ തീർത്തും നിരാകരിക്കുന്നു. പാശ്ചാത്യവും പൗരസ്ത്യവുമായ ഏതാണ്ട് എല്ലാ ദർശനങ്ങളുടേതിൽനിന്നും ഭിന്നവും സവിശേഷവുമാണ് മനുഷ്യോൽപത്തിയെ സംബന്ധിച്ച ഖുർആന്റെ കാഴ്ചപ്പാട്.

## ആദരണീയസൃഷ്ടി

ദൈവത്തിന്റെ സവിശേഷസൃഷ്ടിയാണ് മനുഷ്യൻ. മൃഗത്തിൽനിന്നും മാലാഖയിൽനിന്നും ഭിന്നനാണവൻ. മനുഷ്യന് കീഴ്പ്പെടാൻ വിസമ്മതിച്ച പിശാചുമായുള്ള അല്ലാഹുവിന്റെ സംവാദം ഖുർആൻ ഉദ്ധരിക്കുന്നത് കാണുക: "ഇബ്‌ലീസിനോട് അല്ലാഹു ചോദിച്ചു: ഞാൻ സ്വന്തം കരങ്ങൾ കൊണ്ട് സൃഷ്ടിച്ചവന് സാഷ്ടാംഗം നമിക്കുന്നതിൽനിന്ന് നിന്നെ തടയുന്നതെന്ത്? നീ അഹങ്കാരിയാവുകയാണോ? അതോ, ഉദ്ധൃതനാവുകയാണോ? (38: 75).

ഇവിടെ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് 'ഞാൻ സ്വന്തം കൈകൾകൊണ്ട് സൃഷ്ടിച്ചവൻ' എന്ന പ്രയോഗം ശ്രദ്ധേയമാണ്.

**പ്രപഞ്ചത്തിന്റെയും പ്രകൃതിയുടെയും ഭാഗമാണ് മനുഷ്യനെന്നും കളങ്കമേശാത്ത വിശുദ്ധിയോടെയാണ് അവനെ സൃഷ്ടിച്ചതെന്നും ഖുർആൻ വ്യക്തമാക്കുന്നു. മനുഷ്യപ്രകൃതിയെ പൂർണതയിലേക്ക് നയിക്കാനാണ് വേദവും പ്രവാചകനും ആഗതമായത്. ദൈവവും മതവും മനുഷ്യനുവേണ്ടിയാണെന്ന് സാരം**



സൃഷ്ടിയുടെ സാമാന്യരീതിയിൽനിന്ന് ഭിന്നമായി ദൈവം മനുഷ്യന് നൽകുന്ന പരിഗണനയാണ് ഉദ്ദേശ്യം. യജമാനൻ നേരിട്ട് ചെയ്യുന്നതും മധ്യവർത്തികൾ വഴി ചെയ്യുന്നതും ഒരുപോലെയല്ലല്ലോ. മനുഷ്യസൃഷ്ടിയിൽ തന്നെ ദൈവം അവനെ സവിശേഷമായി ആദരിക്കുന്നുവെന്നാണ് ഇത് വ്യക്തമാക്കുന്നത്. ഇതേ ആദരവും പരിഗണനയും മനുഷ്യന് ആത്മാവ് നൽകിയതിലും കാണാം. 'നാമവന് രൂപം നൽകുകയും നമ്മുടെ പക്കൽനിന്നുള്ള ആത്മാവ് അവനിൽ സന്നിവേശിപ്പിക്കുകയും ചെയ്തുകഴിഞ്ഞാൽ നിങ്ങൾ (മലക്കുകൾ) അവന് മുമ്പിൽ സാഷ്ടാംഗം നമിക്കുവിൻ" (38: 72). 'ആദംസന്തതികളെ നാം ആദരിച്ചിരിക്കുന്നു'വെന്ന് ഖുർആൻ മറ്റൊരിടത്ത് പറയുന്നുണ്ട്. മനുഷ്യന്റെ സൃഷ്ടിപ്പിലും അവന് ആത്മാവ് നൽകിയതിലും ഭൂമിയിൽ അവന് സൗകര്യങ്ങൾ ഒരുക്കിക്കൊടുത്തതിലും സൃഷ്ടികർത്താവ് നൽകിയ പരിഗണന വഴി മനുഷ്യത്വത്തിന്റെ അന്തസ്സും ആത്മാഭിമാനവും ഉയർത്തിപ്പിടിക്കുകയാണ് ഖുർആൻ.

## പ്രകൃതിയുടെ താളം

പ്രപഞ്ചത്തിന്റെയും പ്രകൃതിയുടെയും ഭാഗമാണ് മനുഷ്യനെന്നും കളങ്കമേശാത്ത വിശുദ്ധിയോടെയാണ് അവനെ സൃഷ്ടിച്ചതെന്നും ഖുർആൻ വ്യക്തമാക്കുന്നു. മനുഷ്യപ്രകൃതിയെ പൂർണതയിലേക്ക് നയിക്കാനാണ് വേദവും പ്രവാചകനും ആഗതമായത്. ദൈവവും മതവും മനുഷ്യനുവേണ്ടിയാണെന്ന് സാരം. മനുഷ്യന്റെ പൂർണതയാണ് മതത്തിന്റെയും വേദത്തിന്റെയും ലക്ഷ്യം. മനുഷ്യനിലെ മാനവികഗുണങ്ങളെ ഉണർത്തുകയും ഉന്മിഷത്താക്കുകയും പൂർണതയിലേക്ക് നയിക്കുകയുമാണ് ഖുർആൻ ചെയ്യുന്നത്: "നിന്റെ മുഖം നീ ദൈവികവ്യവസ്ഥയ്ക്ക് അഭിമുഖമാക്കുക. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ച പ്രകൃതി തന്നെയാണത്. ദൈവികസൃഷ്ടിക്ക് മാറ്റമേതുമില്ല. അതത്രെ ഋജുവായ മതം" (30: 30). മനുഷ്യപ്രകൃതി പൂർണതയെ തേടുന്നതാണ്. ഉന്നതങ്ങളിലേക്കാണ് അവന്റെ നോട്ടം. ശിരസ്സ് ഉയർത്തിപ്പിടിച്ചുതന്നെയാണ് അവന്റെ നിൽപ്. ആരുടെ മുമ്പിലും അവൻ തലകുനിക്കേണ്ടതില്ല; സൃഷ്ടികർത്താവിന്റെ മുമ്പിലല്ലാതെ. അവന്റെ പ്രകൃതി ശുദ്ധമാണ്. അവക്രമാണ്. നന്മയോടാണ് അതിന്റെ ആഭിമുഖ്യം. ദൈവസാമീപ്യത്തിന്റെ മാർഗം മാനവികഭാവത്തെ പൂർണതയിലേക്ക് നയിക്കലാണ്. ഏറ്റവും ഉദാത്തവും സുന്ദരവുമായ രൂപത്തിലാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്: "നിശ്ചയമായും മനുഷ്യനെ നാം ഏറ്റവും സുന്ദരമായ രൂപത്തിൽ സൃഷ്ടിച്ചിരിക്കുന്നു" (95:4). ആത്മാവും പ്രകൃതിയുമെന്ന പോലെ ആകാരവും അന്തസ്സാർന്നതാണെന്ന് സാരം.

## ദൈവത്തിന്റെ പ്രതിനിധി

ഖുർആന്റെ കാഴ്ചപ്പാടിൽ മനുഷ്യത്വത്തിന്റെ ഏറ്റവും മഹത്തായ വശം 'ഖിലാഫത്താ'ണ്; ദൈവികപ്രാതിനിധ്യം. മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടിയും ദാസനും മാത്രമല്ല, അവന്റെ പ്രതിനിധി കൂടിയാണ്. ഭൂമിയിൽ സ്രഷ്ടാവായ നാഥന്റെ ഇംഗിതം നിറവേറ്റാൻ നിയോഗിക്കപ്പെട്ടവൻ. ഭൂമിയെ വാസയോഗ്യമാക്കുകയും നാഗരികത കെട്ടിപ്പടുക്കുകയും ദൈവേച്ഛയ്ക്കനുസൃതമായി മനുഷ്യസമൂഹത്തെ പൂർണതയിലേക്ക് നയിക്കുകയുമാണ് 'ഖിലാഫത്തി'ന്റെ ധർമം. ഖുർആന്റെ വാക്കുകളിൽ: "ഭൂമിയിൽ നാം ഒരു പ്രതിനിധിയെ നിശ്ചയിക്കാൻ പോകുന്നുവെന്ന് നിന്റെ നാഥൻ മലക്കുകളോട് പറഞ്ഞ സന്ദർഭം: അവർ ചോദിച്ചു: 'കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെയാണോ നീ അവിടെ നിയോഗിക്കാൻ പോകുന്നത്? നിന്റെ പരിശുദ്ധിയെ വാഴ്ത്താനും നിനക്ക് സ്തുതികീർത്തനങ്ങൾ അർപ്പിക്കാനും ഞങ്ങളുണ്ടല്ലോ?' അല്ലാഹു പറഞ്ഞു: (മനുഷ്യനെപ്പറ്റി) നിങ്ങൾക്കറിയാത്തത് എനിക്കറിയാം" (2:30). മനുഷ്യനാണ് ഭൂമിയിലെ നായകൻ. തെറ്റോ ശരിയോ ആകട്ടെ ഭൂമിയിൽ അവനാണ് അധികാരം. അവന്റെ ഇംഗിതത്തിന് വഴങ്ങാൻ മാലാഖമാർപോലും കൽപിക്കപ്പെട്ടിരിക്കുന്നു. മനുഷ്യന് നൽകപ്പെട്ട അധികാരവും സ്വാതന്ത്ര്യവുമാണ് ഖിലാഫത്തിൽ പ്രകടമാകുന്നത്. ഉൽപാദന-വിതരണപ്രക്രിയയുടെ അധീശത്വത്തിലുപരി, ഭൂമിയുടെ ഭാഗധേയം നിർണയിക്കുന്ന അധീശശക്തിയാണവൻ. പ്രപഞ്ചവ്യവസ്ഥയുടെ തന്നെ ചാലകശക്തിയായി മനുഷ്യൻ മാറുന്നു. മനുഷ്യന്റെ സ്വാതന്ത്ര്യമാണ് ഖിലാഫത്ത് മുന്നോട്ടുവയ്ക്കുന്നത്. തെറ്റായാലും ശരിയായാലും തനിക്കിഷ്ടപ്പെട്ടത് തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം മനുഷ്യന് നൽകപ്പെട്ടിരിക്കുന്നു. തന്നെ സൃഷ്ടിച്ച ദൈവത്തെ അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാനുള്ള അവസരത്തോളം അത് ചെന്നെത്തുന്നു: "ദൈവത്തിൽ വിശ്വസിക്കാൻ ഇഛിക്കുന്നവൻ അത് ചെയ്യട്ടെ. ദൈവത്തെ നിഷേധിക്കാൻ ഉദ്ദേശിക്കുന്നവൻ അതും ചെയ്യട്ടെ" (18: 29).

## മർദിതന്റെ കൂടെ

ഖുർആൻ ഉയർത്തിപ്പിടിക്കുന്ന മുഖ്യആശയങ്ങളിലൊന്നാണ് വിമോചനം. ദൈവം മർദിതന്റെ കൂടെയാണ്. അവൻ അനാഥകളുടെ സംരക്ഷകനും അഗതികളുടെ തുണയുമാണ്: "താങ്കൾ മതത്തെ തള്ളിപ്പറയുന്ന മനുഷ്യനെ കണ്ടിട്ടുണ്ടോ? അവൻ അനാഥയെ ആട്ടിയകറ്റുന്നവനും അഗതിയുടെ ആഹാരം കൊടുക്കാൻ പ്രേരിപ്പിക്കാത്തവനുമാകുന്നു" (107: 1-3).

**ആത്മീയലക്ഷ്യങ്ങളെ മാനവികമൂല്യങ്ങളുമായി കോർത്തിണക്കുന്ന അതിശയകരമായ രീതി ഖുർആനുമാത്രം സ്വന്തമായുള്ളതാണ്. സ്നേഹം, സഹാനുഭൂതി, അനുകമ്പ, ഔദാര്യശീലം, സത്യസന്ധത, കരാർപാലനം, സഹനശീലം, സ്ഥൈര്യം എന്നു തുടങ്ങി മുഴുവൻ മാനവികഗുണങ്ങളും ഭക്തിയുടെയും പുണ്യത്തിന്റെയും അടിയാധാരമായി മാറുന്ന കാഴ്ചയാണ് ഇവിടെ നാം കാണുന്നത്.**

ജീവിതസൗഭാഗ്യത്തിന്റെ പാതയിൽ മനുഷ്യന് താണ്ടിക്കടക്കാനുള്ള ക്ലിഷ്ടമായ പാത സ്വാർഥങ്ങൾ ബലികഴിച്ച് അടിമയുടെയും അടിച്ചമർത്തപ്പെട്ടവന്റെയും മോചനത്തിനുവേണ്ടിയുള്ള യത്നമാണ്. "എന്നാൽ, ദുർഗമമായ ഗിരിമാർഗം താണ്ടിക്കടക്കാൻ അവൻ തയാറായില്ല. ആ ദുർഗമമായ മാർഗത്തെക്കുറിച്ച് താങ്കൾക്ക് എന്തറിയാം? അടിമയെ മോചിപ്പിക്കലാണത്. അല്ലെങ്കിൽ വറുതിയുടെ നാളിൽ ബന്ധുവായ അനാഥന്നോ വശംകെട്ട അഗതിക്കോ ആഹാരം നൽകലും. പിന്നെ അവൻ വിശ്വാസം കൈക്കൊണ്ടവരും ക്ഷമയും കാരുണ്യവും പരസ്പരം ഉപദേശിക്കുന്നവരുമായ ജനങ്ങളിൽ ഉൾപ്പെടലുമാകുന്നു" (90: 11-17).

"ഇല്ല, ഒരിക്കലുമില്ല. എന്നാൽ, നിങ്ങൾ അനാഥരോട് മാന്യമായി പെരുമാറുന്നില്ല. അഗതിക്ക് ആഹാരം നൽകാൻ പ്രേരിപ്പിക്കുന്നില്ല" (89: 17,18).

"ഭൂമിയിൽ അടിച്ചമർത്തപ്പെട്ടവരോട് ഔദാര്യം കാണിക്കാനും അവരെ നായകന്മാരാക്കാനും അവരെ തന്നെ അനന്തരാവകാശികളാ

ക്കാനും അവർക്ക് ഭൂമിയിൽ അധികാരം നൽകാനും നാം ഉദ്ദേശി ക്കുന്നു" (28: 5).

രണ്ടു കൈവിരലുകൾ ഉയർത്തി പ്രവാചകൻ അരുളി: 'ഞാനും അനാഥസംരക്ഷകനും ഇതുപോലെയാണ്', 'അനീതി അന്ത്യനാളിൽ അന്ധകാരമാകുന്നു', 'മർദിതന്റെ പ്രാർഥനയെ സൂക്ഷിക്കുക. അന്ത്യനാളിൽ അവന്നും അല്ലാഹുവിനുമിടയിൽ ഒരു മറയുമുണ്ടാവില്ല' എന്നു തുടങ്ങിയ തിരുവചനങ്ങൾ ഇതോടു ചേർത്തുവായിക്കുക.

ഇനിയും കാണുക: "പീഡിതരും അടിച്ചമർത്തപ്പെട്ടവരുമായ സ്ത്രീപുരുഷന്മാർക്കും കുട്ടികൾക്കും വേണ്ടി നിങ്ങൾ അല്ലാഹുവിന്റെ മാർഗത്തിൽ സമരം ചെയ്യാതിരിക്കുന്നതിൽ എന്തുണ്ട് ന്യായം? ആ ജനതയാകട്ടെ പ്രാർഥിച്ചുകൊണ്ടേയിരിക്കുന്നു: നാഥാ, മർദകരായ നിവാസികളുടെ ഈ പട്ടണത്തിൽനിന്ന് ഞങ്ങളെ നീ മോചിപ്പിക്കേണമേ. നിന്റെ പക്കൽനിന്ന് ഞങ്ങൾക്ക് ഒരു രക്ഷകനെ നിശ്ചയിച്ചുതരേണമേ. നീ ഞങ്ങൾക്ക് ഒരു സഹായിയെ നിശ്ചയിച്ചുതരേണമേ" (4: 75).

## അറിവിന്റെ വെളിച്ചം

'വായിക്കുക' എന്ന ആഹ്വാനത്തോടെ അവതരണമാരംഭിച്ച ഏകവേദമാകുന്നു ഖുർആൻ. "വായിക്കുക: സൃഷ്ടിച്ചവനായ നിന്റെ നാഥന്റെ നാമത്തിൽ. അവൻ സിക്താണ്ഡത്തിൽനിന്ന് മനുഷ്യനെ സൃഷ്ടിച്ചു. വായിക്കുക; തൂലിക കൊണ്ട് പഠിപ്പിച്ച നിന്റെ നാഥൻ അത്യുദാരനാകുന്നു. അവൻ മനുഷ്യനെ അവൻ അറിഞ്ഞിട്ടില്ലാത്തത് പഠിപ്പിച്ചു. അറിവിനും അറിവിന്റെ മാധ്യമങ്ങൾക്കും നൽകിയ ഈ പ്രഥമഗണനീയത ഖുർആന്റെ മാത്രം സവിശേഷതയാണ്.



**പാശ്ചാത്യവും പൗരസ്ത്യവുമായ ഏതാണ്ട് എല്ലാ ദർശനങ്ങളുടേതിൽനിന്നും ഭിന്നവും സവിശേഷവുമാണ് മനുഷ്യോൽപത്തിയെ സംബന്ധിച്ച ഖുർആന്റെ കാഴ്ചപ്പാട്.**

മനുഷ്യനെ ദൈവം നിസ്സഹായനായി ഇരുട്ടിൽ തപ്പാൻ വിടുകയല്ല ചെയ്തത്. മറിച്ച്, അറിവിന്റെ കൈത്തിരിയുമായാണ് അവനെ ഭൂമിയിലേക്ക് യാത്രയാക്കിയത്. അല്ലാഹുവും മലക്കുകളും തമ്മിലുള്ള സംഭാഷണം ശ്രദ്ധിക്കുക:

"അനന്തരം അല്ലാഹു ആദമിനെ സകല വസ്തുക്കളുടെയും നാമങ്ങൾ പഠിപ്പിച്ചു. പിന്നീട് അവ മലക്കുകൾക്കു മുമ്പിൽ ഹാജരാക്കിക്കൊണ്ട് അരുൾചെയ്തു: 'നിങ്ങൾ പറയുന്നത് സത്യമെങ്കിൽ ഈ വസ്തുക്കളുടെ നാമങ്ങൾ എനിക്ക് പറഞ്ഞുതരിക: അവർ പറഞ്ഞു: 'എല്ലാ ന്യൂനതകളിൽനിന്നും പരിശുദ്ധനാണ് നീ. നീ പഠിപ്പിച്ചുതന്നതല്ലാതെ ഒന്നും ഞങ്ങൾക്കറിയില്ല. നീ തന്നെയാണ് സർവജ്ഞനും യുക്തിമാനും.' അല്ലാഹു അരുൾ ചെയ്തു: 'ഓ, ആദം! അവയുടെ നാമങ്ങൾ അവർക്ക് പറഞ്ഞുകൊടുക്കുക.' ആദം അവയുടെ നാമങ്ങൾ പറഞ്ഞുകൊടുത്തപ്പോൾ അല്ലാഹു ചോദിച്ചു: ഞാൻ ആകാശഭൂമികളിലുള്ള അദൃശ്യകാര്യങ്ങളത്രയും അറിയുമെന്നും നിങ്ങൾ വെളിപ്പെടുത്തുന്നതും മറച്ചുവയ്ക്കുന്നതും ഞാൻ അറിയുമെന്നും നിങ്ങളോട് പറഞ്ഞിരുന്നില്ലേ?" (2:31–33). മനുഷ്യന് ദൈവം നൽകിയ ഏറ്റവും മഹത്തായ അനുഗ്രഹങ്ങളിലൊന്നാണ് വിജ്ഞാനം. മാലാഖമാരേക്കാൾ മനുഷ്യന് മഹത്വം നേടിക്കൊടുക്കുന്ന അപാരസിദ്ധി. മനുഷ്യനെ മനുഷ്യനാക്കുന്ന മുഖ്യഘടകം. സംസ്കാരത്തിന്റെയും നാഗരികതയുടെയും അസ്തിവാരം. മാനവികതയുടെ ഏറ്റവും ഉദാത്തഭാവങ്ങളിലൊന്നാണത്. സ്വാതന്ത്ര്യവും ജ്ഞാനവുമാണ് മനുഷ്യ വ്യക്തിത്വത്തിന്റെ മഹത്വം ഉയർത്തിപ്പിടിക്കുന്ന രണ്ടു വിശിഷ്ട ഗുണങ്ങൾ. ഈ രണ്ടു ഗുണങ്ങളുടെയും പ്രകാശനമാണ് മലക്കുകളും അല്ലാഹുവും തമ്മിലെ സംഭാഷണങ്ങളിൽ പ്രതീകാത്മകമായി സൂചിപ്പിക്കുന്നത്. ആദമിന് എല്ലാ വസ്തുക്കളുടെയും നാമങ്ങൾ പഠിപ്പിച്ചുവെന്ന പ്രയോഗം അർഥവത്താണ്. വസ്തുക്കളെ അവയുടെ നാമവുമായി ചേർത്തു മനസ്സിലാക്കുന്ന അറിവിന്റെ അത്ഭുതലോകത്തിലേക്കുള്ള മനുഷ്യന്റെ പ്രവേശനത്തെയാണ് ഈ വാക്യം സൂചിപ്പിക്കുന്നത്. തലമുറകളിലൂടെ വളർന്നുവികസിക്കുകയും മനുഷ്യജീവിതത്തെ പുഷ്കലമാക്കുകയും ചെയ്യുന്ന സമസ്തവിജ്ഞാനങ്ങളും അതുൾക്കൊള്ളുന്നു. അറിവുനേടാനും അറിവിന്റെയും അക്ഷരങ്ങളുടെയും ലോകത്തെ കീഴടക്കാനും അതുവഴി സമസ്തലോകത്തിന്റെയും ആധിപത്യം നേടാനും മനുഷ്യന് നൽകപ്പെട്ട അപാരസിദ്ധിയാണ് ഇവിടെ ഉദ്ദേശ്യം.

## മനുഷ്യസമത്വം

ദൈവത്തിന്റെ മുമ്പിൽ മനുഷ്യരെല്ലാം തുല്യരാണ്. നിയമത്തിന്റെ മുമ്പിലും മനുഷ്യർക്കിടയിൽ ഭേദം പാടില്ല. വർഗഭേദമോ ജാതിവിവേചനമോ ഖുർആൻ അംഗീകരിക്കുന്നില്ല. ദൈവത്തിന്റെ ഏകത്വമാണ് ഖുർആൻ ഉയർത്തിപ്പിടിക്കുന്ന സർവപ്രധാനമായ ആശയം. ദൈവത്തിന്റെ ഏകത്വം മനുഷ്യന്റെ ഏകത്വത്തിലാണ് ഊന്നുന്നത്. 'നിങ്ങളുടെ നാഥൻ ഏകൻ. നിങ്ങളുടെ പിതാവ് ഏകൻ. നിങ്ങളെല്ലാം ആദമിൽനിന്ന്. ആദം മണ്ണിൽനിന്നും' എന്ന തിരുവചനം ആ ആശയത്തെയാണ് ബലപ്പെടുത്തുന്നത്. ഖുർആൻ പറയുന്നു: "അല്ലയോ മനുഷ്യരേ, നിങ്ങളെ നാം ഒരാണിൽനിന്നും പെണ്ണിൽനിന്നുമാണ് സൃഷ്ടിച്ചിട്ടുള്ളത്. നിങ്ങളെ ഗോത്രങ്ങളും വർഗങ്ങളുമാക്കിയത് പരസ്പരം തിരിച്ചറിയാൻ വേണ്ടിയാണ്. നിങ്ങളിൽ അല്ലാഹുവിങ്കൽ ഏറ്റവും ശ്രേഷ്ഠൻ ഏറ്റവും ഭക്തിയുള്ളവനത്രെ" (49: 13).

ഈ ആശയം തെളിയിച്ചുകൊണ്ട് പ്രവാചകൻ അരുളി: "അറബിക്ക് അനറബിയേക്കാളോ വെളുത്തവന് കറുത്തവനേക്കാളോ ദൈവഭക്തിയുടെ അടിസ്ഥാനത്തിലല്ലാതെ ഒരു ശ്രേഷ്ഠതയുമില്ല." അബ്ദുല്ലാഹിബ്നു ഉമ്മിമക്തൂം എന്ന അന്ധനായ പ്രവാചകശിഷ്യൻ ഒരു നാൾ പ്രവാചകതിരുമേനിയെ കാണാൻ ചെന്നു. ഖുറൈശീപ്രമാണിമാരിൽ ചിലരുമായി സംഭാഷണത്തിലേർപ്പെട്ടിരിക്കുകയായിരുന്ന പ്രവാചകൻ അതിഷ്ടപ്പെട്ടില്ല. അദ്ദേഹത്തിന്റെ മുഖത്ത് നീരസം പ്രകടമായിരുന്നു. അതാ അടുത്ത നിമിഷത്തിൽ പ്രവാചകനെ ശാസിച്ചുകൊണ്ട് വിശുദ്ധഖുർആൻ അവതരിക്കുകയായി: 'നബി മുഖംചുളിച്ചു. തിരിഞ്ഞുകളയുകയും ചെയ്തു. അന്ധന്റെ വരവുകാരണം. താങ്കൾ എന്തു കരുതി? ഒരുപക്ഷേ, അദ്ദേഹം ശുദ്ധനായെങ്കിലോ? അഥവാ ഉപദേശം ശ്രദ്ധിക്കുകയും അതദ്ദേഹത്തിന് ഉപകാരപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലോ? താൻപോരിമയുള്ളവനാകട്ടെ, അവന്റെ നേരെയാണ് താങ്കൾ ശ്രദ്ധ തിരിച്ചിരിക്കുന്നത്. അവൻ നന്നായില്ലെങ്കിൽ താങ്കൾക്കെന്ത്? താങ്കളുടെ അടുക്കൽ ധൃതിപ്പെട്ടുവരുന്നവൻ ദൈവഭയമുള്ളവനാണ്. താങ്കളാകട്ടെ അവന്റെ നേരെ അശ്രദ്ധനായിരിക്കുന്നു" (80: 1–10).

അലിജാ അലി ഇസ്സത് ബെഗോവിച്ച് എഴുതി: "ജനങ്ങളുടെ സമ

ഖുർആൻ ഉയർത്തിപ്പിടിക്കുന്ന മുഖ്യആശയ ങ്ങളിലൊന്നാണ് വിമോചനം. ദൈവം മർദി തന്റെ കൂടെയാണ്. അവൻ അനാഥകളുടെ സംരക്ഷകനും അഗതികളുടെ തുണയുമാണ്

ത്വവും സാഹോദര്യവും സാധിതമാകണമെങ്കിൽ മനുഷ്യൻ ദൈവസൃഷ്ടിയാകണം, മനുഷ്യസമത്വം ആത്മീയമാവണം. അതു ശാരീരികമല്ല. ബുദ്ധിപരവും അല്ല. അത് മനുഷ്യന്റെ ഗുണമാണ്. അത് മനുഷ്യാന്തസ്സാണ്. മനുഷ്യസ്വത്വത്തിന്റെ തുല്യമൂല്യവുമാണത്. മറിച്ച്, ഭൗതികവും ചിന്താശക്തിയുള്ളതും സാമൂഹികവുമായ ജീവികൾ എന്ന നിലയ്ക്ക് -ഒരു ഗ്രൂപ്പിലെ അംഗങ്ങൾ, സമൂഹജീവികൾ, വർഗങ്ങൾ, രാഷ്ട്രീയഗ്രൂപ്പുകൾ, ജനതകൾ എന്നീ നിലകളിൽ- മനുഷ്യർ തീരെ സമന്മാരാവുകയില്ല. മനുഷ്യന്റെ ആത്മാർഥമൂല്യം (മതസ്വഭാവം എന്ന വസ്തുത) അംഗീകരിച്ചില്ലെങ്കിൽ മാനുഷികമായ സമത്വത്തിന് അടിത്തറയില്ലാതാവുന്നു. പിന്നെ മനുഷ്യസമത്വം ആധാരവും ഉള്ളടക്കവുമില്ലാത്ത പദപ്രയോഗമായി അവശേഷിക്കും. മതപരമായ സമീപനം നീക്കിയാൽ ബാക്കിയാവുക വ്യത്യസ്തങ്ങളായ അസമത്വങ്ങളാണ്. അസമത്വത്തിന്റെ വ്യത്യസ്തരൂപങ്ങൾ വർഗീയം, ദേശീയം, സാമൂഹികം അഥവാ രാഷ്ട്രീയം എന്നിവയാകുന്നു. 'ജീവശാസ്ത്രം, മനശ്ശാസ്ത്രം അല്ലെങ്കിൽ മറ്റെന്തെങ്കിലും ശാസ്ത്രങ്ങൾ ഇവയ്ക്കൊന്നും മനുഷ്യന്റെ അന്തസ്സു കണ്ടെത്താൻ കഴിയില്ല. മനുഷ്യന്റെ അന്തസ്സ് ആത്മീയപ്രശ്നമാണ്" (ഇസ്‌ലാം രാജമാർഗം: പേ: 72).

## ദൈവത്തിന്റെ ഛായയിൽ?

ദൈവം മനുഷ്യനെ അവന്റെ ഛായയിൽ സൃഷ്ടിച്ചു എന്ന് ബൈബിൾ പറയുന്നുണ്ട്. ഖുർആൻ അങ്ങനെ പറയുന്നില്ല. എന്നല്ല, 'ദൈവത്തിന്റെ ഛായ' എന്ന സങ്കൽപം തന്നെ ഖുർആനിനന്യമാണ്. ദൈവത്തെപ്പോലെ യാതൊന്നുമില്ല എന്നാണതിന്റെ നിലപാട്. ഖുർആൻ മുന്നോട്ടുവയ്ക്കുന്ന ആശയം ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയാണ് മനുഷ്യൻ എന്നത്രെ. ദൈവത്തിന്റെ പ്രതിനിധി എന്നു പറയുമ്പോൾ ആ പ്രാതിനിധ്യത്തിന്റെ സ്വഭാവമെന്ത് എന്ന ചോദ്യം പ്രസക്തമാണ്. പ്രപഞ്ചത്തിന്റെ സ്രഷ്ടാവും ഉടമസ്ഥനും അധീശാധിപതിയുമായ ദൈവത്തിന്റെ സത്തയും ഗുണവിശേഷങ്ങളും പരിഗണിക്കുമ്പോൾ ഭൂമിയിൽ മനുഷ്യൻ അതെല്ലാം അതേപടി ആർജിക്കുകയും കൈകാര്യം ചെയ്യുകയും എന്നർഥമാകാവതല്ല. പ്രതിനിധാനം ചെയ്യപ്പെടുന്നവന്റെ ഇഷ്ടാനിഷ്ടങ്ങളും താൽപര്യങ്ങളും സംരക്ഷിക്കുകയാണല്ലോ പ്രാതിനിധ്യത്തിന്റെ യാഥാർഥ്യം. ഈയർഥത്തിലാണ് മനുഷ്യൻ ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയാകുന്നത്. ഭൂമിയിൽ ദൈവഹിതം സാക്ഷാത്കരിക്കുകയാണ് അവന്റെ ഉത്തരവാദിത്വം. സർവ സൽഗുണസമ്പൂർണനാണ് ദൈവം. കാരുണ്യം, സ്നേഹം, സത്യം, സൗന്ദര്യം, സമാധാനം തുടങ്ങിയവ അവന്റെ സൽഗുണങ്ങളിൽ പെടുന്നു. തന്റെ ഈ മഹിതഗുണങ്ങൾ മനുഷ്യൻ അവന്റെ ജീവിതത്തിലൂടെ പ്രകാശിപ്പിക്കണമെന്ന് അല്ലാഹു ഇഛിക്കുന്നു.

'ദൈവത്തിന്റെ സ്വഭാവങ്ങൾ നിങ്ങൾ ഉൾക്കൊള്ളുക' എന്ന് പ്രവാചകൻ അരുൾചെയ്തിരിക്കുന്നു. ദൈവത്തിന്നഭിമുഖമായി അവനെ ലക്ഷ്യമാക്കി മുന്നേറാനാണ് മനുഷ്യൻ കൽപിക്കപ്പെട്ടിട്ടുള്ളത്. 'ഞാൻ എന്റെ നാഥങ്കലേക്ക് യാത്രയാവുകയാണ്' എന്ന് ഇബ്റാഹീം നബി(അ)യും (37:99), 'ഞാൻ എന്റെ നാഥങ്കലേക്ക് പലായനം ചെയ്യുകയാണ്' എന്ന് ലൂത്വ് നബി(അ)യും (29: 26) പറയുന്നുണ്ട്. ദൈവികഗുണങ്ങൾ ആർജിച്ചും അവനെ ലക്ഷ്യമാക്കിയും ദൈവേഛ നിറവേറ്റാൻ ശ്രമിക്കുന്ന മനുഷ്യൻ അവസാനം ദൈവത്തെ കണ്ടുമുട്ടുക തന്നെ ചെയ്യും: "അല്ലയോ മനുഷ്യാ! നീ നിന്റെ നാഥനെ ലക്ഷ്യമാക്കി കഠിനമായി യത്നിക്കുന്നു. അങ്ങനെ അവനെ നീ കണ്ടെത്തുക തന്നെ ചെയ്യും" (84: 6), "നിങ്ങൾ പടിപടിയായി പുരോഗമിക്കും" (84: 19) എന്നിങ്ങനെ ഖുർആൻ പ്രസ്താവിക്കുന്നുണ്ട്. ആ മാർഗത്തിൽ ചലിക്കുമ്പോൾ ഭൂമിയിൽ കാരുണ്യവാരിധിയായ ദൈവത്തെ കണ്ടെത്താനാകും എന്നും ഖുർആൻ ചൂണ്ടിക്കാട്ടുന്നു. നന്മയ്ക്കും പൂർണതയ്ക്കും വേണ്ടിയുള്ള പോരാട്ടമാണ് മനുഷ്യജന്മം ലക്ഷ്യമാക്കുന്നത്. പ്രകൃതിയുടെയും പ്രപഞ്ചത്തിന്റെയും താളപ്പൊരുത്തമാണ് അതിലൂടെ സാധിക്കേണ്ടത്. അവിടെ മനുഷ്യൻ ഏകാകിയായിരിക്കില്ല. ദൈവവും മാലാഖമാരും വാനഭുവനങ്ങളും അവനോടൊപ്പമുണ്ടാകും.

## ദൈവികഗുണങ്ങൾ; മാനവികമൂല്യങ്ങൾ

കാരുണ്യവും നീതിയും ഉൾപ്പെടെ സമസ്ത മാനവികഗുണങ്ങളും ദൈവികഗുണങ്ങളായാണ് ഖുർആൻ പരിചയപ്പെടുത്തുന്നത്. ദൈവികമഹത്വത്തിന്റെ ഭാവങ്ങളെന്ന പോലെ മനുഷ്യമഹത്വത്തിന്റെ മുദ്രകളും കൂടിയാണവ. കാരുണ്യവും നീതിയും ഉൾപ്പെടെയുള്ള മാനുഷികഗുണങ്ങൾ താത്ത്വികതലത്തിൽ പറഞ്ഞുവയ്ക്കുന്നതിനുപകരം ഇസ്‌ലാം അവയ്ക്ക് നിയമപ്രാബല്യം കൂടി നൽകിയിരിക്കുന്നു. പ്രവാചകൻ തന്റെ വിടവാങ്ങൽ പ്രസംഗത്തിൽ പറഞ്ഞു: "ഇന്ന് ഈ പുണ്യദിനത്തിൽ ഈ പുണ്യഭൂമിയിൽ ഈ പുണ്യമാസം എത്രമാത്രം ആദരണീയമാണോ അതുപോലെ നിങ്ങളുടെ ജീവനും ധനവും അഭിമാനവും പാവനമാണ്." രക്തം ചിന്തരുത്, അഭിമാനം വ്രണപ്പെടുത്തരുത്, ജീവൻ ഹനിക്കരുത്, ധനം കവർന്നെടുക്കരുത്, പലിശ ഭുജിക്കരുത്, സ്ത്രീകളോടു തുല്യനീതിയിൽ വർത്തിക്കണം എന്നെല്ലാം പ്രവാചകൻ കൽപിച്ചു.

## മുൻഗണന മനുഷ്യാവകാശങ്ങൾക്ക്

ഇസ്‌ലാമികശരീഅത്തിലെ ശ്രദ്ധേയമായ ഒരു ചർച്ച മനുഷ്യന്റെയും ദൈവത്തിന്റെയും അവകാശങ്ങൾക്കിടയിൽ ഒരു തെരഞ്ഞെടുപ്പ് വേണ്ടിവന്നാൽ ഏതിനുവേണം മുൻഗണന നൽകാൻ എന്നതാണ്. മനുഷ്യന്റെ അവകാശങ്ങൾക്കാണ് പ്രാമുഖ്യം നൽകേണ്ടത് എന്നാണ് പൂർവസൂരികൾ പറഞ്ഞുവച്ചിട്ടുള്ളത്. ഒരാൾ സ്വന്തം സഹോദരനോടുള്ള ബാധ്യത പൂർത്തീകരിക്കുന്നതിനുവേണ്ടി ദൈവത്തോടുള്ള ബാധ്യത നിർവഹിക്കുന്നതിൽ വീഴ്ച വരുത്തേണ്ടിവന്നാൽ ദൈവം അത് പൊറുക്കും. ചിലപ്പോൾ അവർ അന്യരുടെ അവകാശങ്ങൾ വകവച്ചുകൊടുക്കുന്നത് ദൈവത്തോടുള്ള ബാധ്യതയുടെ പൂർത്തീകരണം തന്നെ ആയിത്തീരുന്നു. ദൈവമാർഗത്തിൽ സമരത്തിനിറങ്ങിത്തിരിച്ചവനോട് വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കലാണ് നിനക്ക് ചെയ്യാവുന്ന പുണ്യസമരം എന്നാണ് പ്രവാചകൻ പറഞ്ഞത്. മാതാപിതാക്കൾ വൃദ്ധരെങ്കിൽ അവരെ പരിചരിക്കാൻ വേണ്ടി ഹജ്ജ് നീട്ടിവയ്ക്കാമെന്ന് കർമശാസ്ത്രപണ്ഡിതന്മാർ പറഞ്ഞതുകാണാം. മനുഷ്യനന്മ, അവന്റെ അഭിമാനം, മനുഷ്യാവകാശങ്ങൾ, മാനുഷികമൂല്യങ്ങൾ എന്നിവയ്ക്ക് മറ്റെന്തിലുമേറെ മുൻഗണന കൊടുക്കാനാണ് ഖുർആൻ ആവശ്യപ്പെടുന്നത്. ■